# കേരള കാർഷിക സർവകലാശാല വാർത്തകൾ

## (സെപ്തംബർ 11 – 17, 2020)

(തയ്യാറാക്കിയത് : കമ്മ്യൂണിക്കേഷൻ സെന്റർ, മണ്ണുത്തി - 680651

e-mail :ccmannuthy@kau.in, Phone : 0487 – 2370773)

**No.C3/4/2020 – 38** **Dt.09.09.2020**

**ഈയാഴ്ചത്തെ വിളപരിപാലന നിർദ്ദേശങ്ങൾ**

മുണ്ടകൻ കൃഷി ഇറക്കുന്ന പാടങ്ങളിൽ ഈ മാസത്തോടെ നടുകയോ വിതയ്ക്കുകയോ ചെയ്തിരിക്കണം. വൈകുന്നതിനനുസരിച്ച് കീടരോഗങ്ങൾ കൂടും. നിലത്തിന് അമ്ലത്വമുണ്ടെങ്കിൽ ഏക്കറിന് 200 കി.ഗ്രാം കുമ്മായം ചേർക്കുന്നത് നന്നായിരിക്കും. വിരിപ്പിന് ശേഷമുള്ള കൃഷിയാണെങ്കിൽ വൈക്കോൽ കുറ്റിയും ജൈവവളങ്ങളും അഴുകാൻ ആദ്യ ഉഴവിനുശേഷം രണ്ടാഴ്ച സമയം നൽകണം. അവസാനത്തെ ഉഴവിന് രാസവളങ്ങൾ അടിവളമായി വിതറി നിരപ്പാക്കി വെള്ളം നിർത്തണം. ഇനങ്ങളുടെ മൂപ്പനുസരിച്ച് ശുപാർശ ചെയ്തിട്ടുള്ള തോതിൽ രാസവളം ചേർക്കാൻ ശ്രദ്ധിക്കുകയും വേണം. നെല്ലിലെ ബാക്ടീരിയൽ ഇലകരിച്ചിൽ നിയന്ത്രിക്കാൻ പച്ച ചാണകം 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലക്കി തെളിയെടുത്ത് 20 ഗ്രാം സ്യൂഡോമോണാസ് ചേർത്ത് തളിക്കാവുന്നതാണ്. 10 ദിവസം ഇടവിട്ട് 2-3 തവണയെങ്കിലും തളിക്കണം. നെല്ലിലെ ചാഴിയെ നിയന്ത്രിക്കാൻ രണ്ട് മി.ലി മാലത്തിയോൺ ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തളിക്കുക. കീടനാശിനികൾ പ്രയോഗിക്കുന്നത് രാവിലെ 9 മണിക്ക് മുമ്പോ, വൈകിട്ട് 3 മണിക്കുശേഷമോ ആയിരിക്കണം. അല്ലെങ്കിൽ മരുന്നുതളി പരാഗണത്തെ പ്രതികൂലമായി ബാധിക്കും.

മഴക്കാലമായതിനാൽ തെങ്ങിലെ കൂമ്പുചീയൽ രോഗത്തിനു മുൻകരുതലായി സുഷിരങ്ങൾ ഇട്ട മാങ്കോസെബ് സാഷെ ഒരു പായ്ക്കറ്റിൽ 5 ഗ്രാം വീതം മൂന്ന് എണ്ണം ഓരോ തെങ്ങിന്റേയും കൂമ്പിനു ചുറ്റും വയ്ക്കുക.

മഴക്കാലത്ത്, ജാതിയിൽ കായ് അഴുകൽ, ഇലകൊഴിച്ചിൽ എന്നീ രോഗങ്ങൾ വരാൻ സാധ്യതയുണ്ട്. മുൻകരുതലായി രണ്ടുകിലോ ട്രൈക്കോഡർമ 90 കിലോ ചാണകപ്പൊടിയും, 10 കിലോ വേപ്പിൻപിണ്ണാക്കുമായി കൂട്ടികലർത്തി ആവശ്യത്തിന് ഈർപ്പം നിലനിൽക്കത്തക്കവണ്ണം രണ്ടാഴ്ചവെച്ച മിശ്രിതത്തിൽ നിന്ന് 2.5 കിലോ വീതം ഓരോ ചെടിക്ക് ചുവട്ടിലും ഇട്ടുകൊടുക്കുക. ഒരു മാസത്തിന് ശേഷം സ്യൂഡോമോണാസ് 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. അല്ലെങ്കിൽ 1% വീര്യമുള്ള ബോർഡോമിശ്രിതം കലക്കി തളിക്കുക.

കുരുമുളക് തോട്ടം വൃത്തിയായി സൂക്ഷിക്കുകയാണെങ്കിൽ ഒരു പരിധിവരെ രോഗകീട ബാധകളിൽ നിന്നും രക്ഷ നേടാം. പൊള്ളുവണ്ട് ഉപദ്രവകാരിയാകുകയാണെങ്കിൽ എക്കാലക്സ് 2 മി.ലി ഒരു ലിറ്റർ വെള്ളത്തിൽ എന്ന കണക്കിന് തളിച്ചാൽ ഇവയെ നിയന്ത്രിക്കാം. കീടനാശിനി ആവശ്യമെങ്കിൽ മാത്രമേ തളിക്കാവൂ. കുരുമുളകിൽ ദ്രുതവാട്ട രോഗം കാണാനിടയുണ്ട്. രണ്ടു കിലോ ട്രൈക്കോഡർമ്മ 90 കിലോ ചാണകപ്പൊടിയും 10 കിലോ വേപ്പിൻ പിണ്ണാക്കുമായി കൂട്ടി കലർത്തി ആവശ്യത്തിന് ഈർപ്പം നിലനിൽക്കത്തക്ക വണ്ണം രണ്ടാഴ്ച്ചത്തേയ്ക്ക് വയ്ക്കുക. ഈ മിശ്രിതത്തിൽ നിന്ന് 2.5 കിലോ വീതം ഓരോ കുരുമുളക് ചെടിക്ക് ചുവട്ടിലും ഇട്ടു കൊടുക്കുക. രോഗം കൂടുന്ന പക്ഷം 1 % വീര്യമുള്ള ബോർഡോ

മിശ്രിതമോ അല്ലെങ്കിൽ 20 ഗ്രാം സ്യൂഡോമോണാസ് അല്ലെങ്കിൽ 2.5 ഗ്രാം കോപ്പർ ഓക്സിക്ലോറൈഡ് അല്ലെങ്കിൽ 2 ഗ്രാം കോപ്പർ ഹൈഡ്രോക്സൈഡ് ഒരു ലിറ്റർ വെള്ളത്തിൽ ചേർത്ത് മണ്ണു കുതിരത്തക്ക വണ്ണം ഒഴിച്ചു കൊടുക്കുകയും ചെടിയിൽ തളിച്ചു കൊടുക്കുകയും ചെയ്യുക.

വാഴയിൽ കാണുന്ന ഇലപ്പുള്ളി രോഗത്തെ നിയന്ത്രിക്കുന്നതിനായി രോഗം ബാധിച്ച ഇലകൾ നീക്കം ചെയ്തശേഷം 20 ഗ്രാം സ്യൂഡോമോണാസ് ഒരു ലിറ്റർ വെള്ളത്തിൽ ചേർത്ത് ഇലകളിൽ തളിക്കുക. 2 ആഴ്ചക്കു ശേഷവും രോഗത്തിനു കുറവില്ലെങ്കിൽ 2 മി.ലി ഹെക്സാകൊണാസോൾ ഒരു ലിറ്റർ വെള്ളത്തിൽ അല്ലെങ്കിൽ 1 മി.ലി പ്രോപികൊണാസോൾ ഒരു ലിറ്റർ വെള്ളത്തിൽ പശ ചേർത്ത് ഇലയുടെ അടിയിൽ പതിയത്തക്ക വിധം തളിക്കുക.

പച്ചക്കറി വിളകളിൽ കാണുന്ന ഇലചുരുളൽ, മൊസേക്ക് എന്നീ വൈറസ് രോഗങ്ങൾ വരാതിരിക്കാനായി ഇവ പരത്തുന്ന കീടങ്ങളെ നിയന്ത്രിക്കുന്നതോടൊപ്പം രോഗം ബാധിച്ച ചെടികൾ നീക്കം ചെയ്യുകയും വേണം. ജൈവകീടനാശിനികളായ വേപ്പെണ്ണ - വെളുത്തുള്ളി മിശ്രിതം എന്നിവ ഇത്തരം ചെറുകീടങ്ങൾക്കെതിരെ ഫലപ്രദമാണ്.

മധുരക്കിഴങ്ങ് നടാൻ പറ്റിയ കാലമാണിത്. വിരിപ്പിനു ശേഷം ഒരു പൂവ് കൃഷി ചെയ്യുന്ന പാടങ്ങളിലും ഇത് നടാം. ശ്രീവർദ്ധിനി, ശ്രീനന്ദിനി, ശ്രീരത്ന, ശ്രീകനക എന്നിവ നല്ലയിനങ്ങളാണ്. തിരുവനന്തപുരത്തെ ശ്രീകാര്യം കിഴങ്ങുവിള ഗവേഷണ കേന്ദ്രവുമായി ബന്ധപ്പെട്ടാൽ പുതിയ ഇനങ്ങളുടെ നടീൽ വസ്തുക്കൾ കിട്ടും. നിലം ഉഴുത് നിരപ്പാക്കിയശേഷം രണ്ടടി അകലത്തിൽ, ഒരടി ഉയരത്തിൽ വാരങ്ങൾ എടുക്കുക. ഈ വാരങ്ങളിൽ 15 മുതൽ 20 സെ.മീ വരെ അകലത്തിൽ വള്ളിത്തലപ്പുകൾ നടാം. അടിവളമായി ഏക്കറിന് നാല് ടൺ കാലിവളവും, 33 കി.ഗ്രാം യൂറിയയും, 100 കി.ഗ്രാം മസ്സൂറിഫോസും, 50 കി.ഗ്രാം മ്യൂറേറ്റ് ഓഫ് പൊട്ടാഷും ചേർക്കണം. നാലോ, അഞ്ചോ ആഴ്ച്ചകൾക്ക് ശേഷം 33 കി.ഗ്രാം യൂറിയ മേൽവളമായി നൽകണം. മഴയെ ആശ്രയിച്ച് കൃഷി ചെയ്യുമ്പോൾ, മഴ തീരെ കുറവാണെങ്കിൽ ആദ്യത്തെ 10 ദിവസം രണ്ടു ദിവസത്തിലൊരിക്കൽ നനച്ച് കൊടുക്കേണ്ടതാണ്.

മഴ പെയ്യുന്ന സാഹചര്യത്തിൽ ഇഞ്ചി, മഞ്ഞൾ എന്നിവയിൽ മൂടുചീയൽ രോഗം കാണുകയാണെങ്കിൽ, രോഗബാധിതമായ ചെടികൾ കിളച്ചുമാറ്റി 2 ഗ്രാം കോപ്പർ ഓക്സിക്ലോറൈഡ് ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ മണ്ണിൽ കലക്കി ഒഴിക്കുക.

മാവ് പൂക്കാൻ വേണ്ട കൾട്ടാർ ഈ സമയത്ത് അനുവർത്തിക്കേണ്ടതാണ്. പാക്ക്ളോ ബ്യൂട്ടറസോൾ 25% (കൾട്ടാർ) എന്ന രാസവസ്തുവിന്റെ ഉപയോഗം മാവ് പൂക്കുന്നതിന് സഹായിക്കുന്നതായി പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്. ഓഗസ്റ്റ് - സെപ്റ്റംബർ മാസത്തിൽ (പൂക്കുന്നതിന് 3-4 മാസങ്ങൾക്ക് മുമ്പ്) കൾട്ടാർ 20 മില്ലി 10 ലിറ്റർ വെള്ളത്തിൽ കലക്കി മരത്തിന് ചുറ്റുമായി രണ്ടടി അകലത്തിൽ 15 സെ.മീ താഴ്ചയിൽ ചാലു ണ്ടാക്കി ഒഴിച്ചു കൊടുക്കുന്നതുവഴി കായിക വളർച്ച തടഞ്ഞ് മാവുകൾ നേരത്തെ തന്നെ സമൃദ്ധമായി പൂക്കു ന്നതായി കണ്ടുവരുന്നു. കൾട്ടാർ ഒഴിക്കുമ്പോൾ മഴ ഇല്ലാത്ത സമയമാണെങ്കിൽ പൂക്കുന്നതുവരെയും 12-15 ദിവസത്തിലൊരിക്കൽ നനച്ചുകൊടുക്കേണ്ടത് അത്യാവശ്യമാണ്.

**<u>അറിയിപ്പ്</u>**

1. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള മണ്ണുത്തി കമ്മ്യൂണിക്കേഷൻ സെന്ററിൽ കാർഷിക പ്രസിദ്ധീകരണങ്ങളും, കല്പധേനു എന്ന കാർഷിക സർവ്വകലാശാലയുടെ ത്രൈമാസിക പ്രസിദ്ധീകരണവും വില്പനയ്ക്കുണ്ട്.. ബന്ധപ്പെടേണ്ട ഫോൺ നമ്പർ : 0487-2370773

2. കോവിഡ് - 19 എന്ന മഹാമാരി വലിയ രീതിയിൽ ആഘാതം സൃഷ്ടിച്ച ഒരു മേഖലയാണ് കൃഷി. ഈ അവസരത്തിൽ കാർഷിക മേഖലയ്ക്ക് കൈത്താങ്ങായി കേരള കാർഷിക സർവ്വകലാശാല, വിജ്ഞാന വ്യാപന ഡയറക്ടറേറ്റിന് കീഴിലുള്ള കമ്മ്യൂണിക്കേഷൻ സെന്റർ, സമൂഹമാധ്യമമായ ഫേസ്ബുക്കിലൂടെ കർഷകരിലേയ്ക്കെത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് ഡയറക്ടറേറ്റ് ഓഫ് എക്സ്റ്റൻഷൻ, കേരള കാർഷിക സർവ്വകലാശാല, മണ്ണുത്തി എന്ന ഫേസ്ബുക്ക് പേജ് സന്ദർശിക്കുക.

3. കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള കമ്മ്യൂണിക്കേഷൻ സെന്ററിൽ പ്രവർത്തിച്ചു വരുന്ന ഭക്ഷ്യ സംസ്കരണശാലയിൽ ഏതുതരം പഴം പച്ചക്കറിയും സംസ്കരിച്ച് മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി നൽകുന്നു.

**<u>നിബന്ധനകൾ</u>**

1. കുറഞ്ഞത് 10 കിലോഗ്രാം പഴം പച്ചക്കറി ഉണ്ടാവണം.
2. കർഷകർക്ക് താൽപ്പര്യമുള്ള ഉൽപ്പന്നമോ അസംസ്കൃത വസ്തുവിന്റെ ഗുണനില വാരം അനുസരിച്ച് വിപണന സാധ്യതയുള്ള ഏതെങ്കിലും ഉൽപ്പന്നമോ തയ്യാറാക്കി നൽകുന്നു.
3. മൂല്യവർദ്ധിത ഉൽപ്പന്നം തയ്യാറാക്കുവാൻ വേണ്ട വസ്തുക്കളുടെ വിലയും കൂലിച്ചിലവും കർഷകർ അടയ്ക്കണം.
4. മൂല്യവർദ്ധിത ഉൽപ്പന്നം പാക്ക് ചെയ്യുവാനുള്ള വസ്തുക്കൾ കർഷകർ കൊണ്ടു വന്നാൽ അതിൽ പാക്ക് ചെയ്തും നൽകും.
5. കേരള കാർഷിക സർവകലാശാലയുടെ പേരിൽ ഇത് വിപണനം ചെയ്യുവാൻ സാധ്യമല്ല. ഉൽപ്പന്നം കർഷകർ തന്നെ അവരുടെ സ്ഥാപനപേരിൽ വിപണനം ചെയ്യേണ്ടതാണ്.
6. കൂടുതൽ വിവരങ്ങൾക്ക് 0487 2370773, 9497412597 എന്നീ ഫോൺ നമ്പറുകളിലോ ccmannuthy@kau.in എന്ന മെയിൽ മുഖേനയോ ബന്ധപ്പെടാവുന്നതാണ്.

ഒപ്പ്/

പ്രൊഫസർ & ഹെഡ്

കമ്മ്യൂണിക്കേഷൻ സെന്റർ